# Joint Press Release of the 12th India-European Union Counter Terrorism Dialogue

November 19, 2020

---

## 12 മത് ഇന്ത്യ -യൂറോപ്യൻ യൂണിയൻ തീവ്രവാദവിരുദ്ധ ചർച്ചകളുമായി ബന്ധപ്പെട്ട പത്ര പ്രസ്താവന

നവംബർ 19, 2020

ഇന്ത്യയ്ക്കും യൂറോപ്യൻ യൂണിയനും ഇടയിലുള്ള 12 മത് തീവ്രവാദ വിരുദ്ധ ചർച്ചകൾ 2020 നവംബർ 19 നു വിർച്വലായി നടന്നു.ഇന്ത്യ - ഇ യു നയതന്ത്ര പങ്കാളിത്തത്തിലെ ഈ പ്രധാന ഡൗത്യത്തിലെ സഹകരണവും ഏകോപനവും വർധിപ്പിക്കുന്നതിനുള്ള അവസരമായിരുന്നു ഇത്. തീവ്രവാദത്തോട് പോരാടുന്നതിനായി ഇന്ത്യയും യൂറോപ്യൻ യൂണിയനും പരസ്പര പിന്തുണ പ്രഖ്യാപിച്ചു.

തീവ്രവാദത്തിന്റെ എല്ലാ രൂപങ്ങളെയും അതിർത്തി കടന്നുള്ള തീവ്രവാദത്തിന് തീവ്രവാദ പ്രോക്സികൾ ഉപയോഗിക്കുന്നതുൾപ്പെടെയുള്ള എല്ലാ തരത്തിലുള്ള ആവിഷ്കാരങ്ങളെയും  ഇന്ത്യയും യൂറോപ്യൻ യൂണിയനും തീവ്രവാദത്തെ ശക്തമായി അപലപിച്ചു.

യൂറോപ്യൻ യൂണിയനിലെ അംഗരാജ്യങ്ങളിൽ അടുത്തിടെ നടന്ന തീവ്രവാദ ആകർമ്മങ്ങളിൽ ഇന്ത്യ അപലപിക്കുകയും ബാധിക്കപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അനുശോചനങ്ങൾ അറിയിക്കുകയും ചെയ്തു.

ഇന്ത്യയിൽ 26/11 മുംബൈ, പഠാൻകോട്ട്, പുൽവാമ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന ഭീകരാക്രമണങ്ങളിൽ ഇ യു അനുശോചനങ്ങൾ ആവർത്തിച്ചു കൂടാതെ ഇന്ത്യൻ ഭരണകൂടത്തിനും ജനതയ്ക്കും തീവ്രവാദ വിരുദ്ധ പോരാട്ടങ്ങളിൽ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. തീവ്രവാദത്തിനെതിരെ സമഗ്രവും സ്ഥിരവുമായ രീതിയിലുള്ള പ്രതിരോധത്തിനായി അന്തരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തേണ്ടത്തിന്റെ ആവശ്യകത ഇന്ത്യയും യൂറോപ്യൻ യൂണിയനും ഉയർത്തികാണിച്ചു. കലാപകാരികളെയും തീവ്രവാദികളെയും നിയമത്തിനു മുന്നിൽ കൊണ്ട് വരേണ്ടത് അത്യന്തം ഗൗരവതരമാണെന്ന് അവർ വീണ്ടും ഉറപ്പിച്ചു.

ഐക്യ രാഷ്ട്ര സഭ അടയാളപ്പെടുത്തിയിട്ടുള്ള തീവ്രവാദ പ്രവിശ്യകൾ മൂലമുള്ള ഭീഷണികൾ ചർച്ചയിൽ പങ്കെടുത്തവർ അവലോകനം ചെയ്തു കൂടാതെ എല്ലാ തീവ്രവാദ ശൃംഖലകൾക്കുമെതിരെ സ്വീകരിക്കേണ്ട തിരുത്തൽ നടപടികളുടെ ആവശ്യകതയും ചൂണ്ടിക്കാണിച്ചു.തങ്ങളുടെ നിയന്ത്രത്തിൽ കീഴിലുള്ള ഒരു പ്രവിശ്യകളും തന്നെ മറ്റു രാജ്യങ്ങൾക്കു മേലുള്ള തീവ്രവാദ അക്രമണങ്ങൾക്കായി ഉപയോഗിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിന് എല്ലാ രാജ്യങ്ങളും അടിയന്തരമായി തന്നെ സ്ഥിരവും അഖണ്ഡിതവുമായ നയങ്ങൾ സ്വീകരിക്കണമെന്ന് അവർ പറഞ്ഞു.

പുരോഗമന തീവ്രവാദം, അതിതീവ്രവാദം എന്നിവയെ നേരിടുന്നതും, തീവ്രവാദത്തിനു സാമ്പത്തിക സഹായം നൽകുന്നതും കൂടാതെ തീവ്രവാദികൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നതും തുടങ്ങി  നിലവിൽ തീവ്രവാദ പ്രതിരോധ പ്രവർത്തനങ്ങൾക്ക്

നേരിടേണ്ടി വരുന്ന വെല്ലുവിളികളെക്കുറിച്ച് ഇന്ത്യയും യൂറോപ്യൻ യൂണിയനും ചർച്ച ചെയ്തു. ഇത്തരം വെല്ലുവിളികളെ നേരിടുന്നതിനുള്ള സഹകരണം വർദ്ധിപ്പിക്കുന്നതാണെന്നും അവർ അനുകൂലിച്ചു.ചില തീവ്രവാദ ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും പ്രത്യേക വർഗീകരണം നല്കുന്നതുൾപ്പടെ തീവ്രവാദം എത്തുന്നതിനുള്ള ചില നടപടികളെക്കുറിച്ചും ചർച്ചകളിൽ പങ്കെടുത്തവർ പറഞ്ഞു. തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾക്കായി ഇന്ത്യൻ ഏജൻസികളും യൂറോപൂൾ ഉൾപ്പടെയുള്ള യൂറോപ്യൻ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം വർധിപ്പിക്കുന്നതിനുള്ള വഴികളും അവർ ചർച്ച ചെയ്തു. ഈ പശ്ചാത്തലത്തിൽ, ആസൂത്രിതമായ കുറ്റകൃത്യങ്ങളും തീവ്രവാദവും തടയുന്നതിന്, ഇന്ത്യയിലെയും യൂറോപ്യൻ യൂണിയനിലെയും നിയമവ്യവസ്ഥയെ സഹായിക്കുന്നതിനായി ഇന്ത്യയിലെ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനും യൂറോപൂളും തമ്മിലുള്ള പ്രവർത്തന ഉടമ്പടിയെക്കുറിച്ചും അവർ പരാമർശിച്ചു.

യു എൻ ഉന്നതതല തീവ്രവാദ പ്രതിരോധ വാരം 2021, വരാനിരിക്കുന്ന യു എൻ ആഗോള തീവ്രവാദ വിരുദ്ധ നയത്തിന്റെ അവലോകനം എന്നിവയുൾപ്പെടെ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ്, ഗ്ലോബൽ കൗണ്ടർ ടെറിറിസം ഫോറം കൂടാതെ ഐക്യരാഷ്ട്ര സഭ (UN) എന്നിങ്ങനെയുള്ള ബഹുരാഷ്ട്ര ഫോറമുകളിൽ തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങളുടെ സഹകരണത്തിനായുള്ള അവസരവും ചർച്ചയിൽ അവതരിപ്പിക്കപ്പെട്ടു.

തീവ്രവാദ വിരുദ്ധ ചർച്ചകൾക്ക് ഇന്ത്യൻ വിദേശകാര്യമന്ത്രാലയത്തിലെ തീവ്രവാദ വിരുദ്ധ വകുപ്പിനെ ജോയിന്റ് സെക്രട്ടറി ശ്രീ മഹാവീർ സിംഗ്, യൂറോപ്യൻ എക്സ്റ്റേർനൽ ആക്ഷൻ സർവീസ്, സെക്യൂരിറ്റി പോളിസി ഡയറക്ടർ മിസ്. ജൊഹാൻ ബാൽഫോർട്ട് എന്നിവർ സംയുക്തമായി അധ്യക്ഷത വഹിച്ചു.

**ന്യൂ ഡൽഹി**

**19 നവംബർ,2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.